പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2735 19.02.2016 -ൽ മറുപടിക്ക്.

## എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ റേഷൻ സാധനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എ.റ്റി.ജോർജ്**<br>**ശ്രീ.ഹൈബി ഈഡൻ**<br>**ശ്രീ.ലൂഡി ലൂയിസ്**<br>**ശ്രീ.എം.പി.വിൻസെൻറ്** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ റേഷൻ സാധനങ്ങൾ നൽകുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) എ.പി.എൽ വിഭാഗക്കാരിൽ പിന്നാക്കം നില്ക്കുന്നവർക്ക് കുറഞ്ഞ നിരക്കിൽ അരി വിതരണം ചെയ്യുന്നതിനായി അവരെ എ.പി.എൽ (എസ്.എസ്) വിഭാഗത്തിൽ ഉൾപ്പെടുത്തി 2 രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) 2 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയതിലൂടെ കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ പ്രകാരം, സംസ്ഥാനത്തിന് അനുവദിച്ച ബി.പി.എൽ വിഭാഗത്തിൽ നിന്നും പുറത്തായിട്ടുള്ള താഴ്ന്ന വരുമാനക്കാർക്ക് കുറഞ്ഞ നിരക്കിൽ റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) 2 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്. നിലവിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് 41,53,067 കുടുംബങ്ങൾക്കാണ്. പട്ടികജാതി, പട്ടികവർഗ്ഗം, മത്സ്യത്തൊഴിലാളികൾ, ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർ എന്നിവർക്കാണ് ഈ പദ്ധതിയിൽ തുടക്കത്തിൽ പ്രയോജനം ലഭിച്ചത്. എന്നാൽ ഇപ്പോൾ എ.പി.എൽ വിഭാഗത്തിൽപ്പെട്ട കർഷകത്തൊഴിലാളികൾ, കശുവണ്ടി, കൈത്തറി, ബീഡി, പനമ്പ്, ഈറ്റ, ഖാദി, ചെറുകിട തോട്ടം തുടങ്ങിയ മേഖലകളിലെ മുഴുവൻ കൂലിവേലക്കാർക്കും ദേശീയ തൊഴിൽ ഉറപ്പ് പദ്ധതിയിൽ 50 ദിവസമെങ്കിലും പണിയെടുത്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും കൂടി 2 രൂപ പദ്ധതി വ്യാപിപ്പിച്ചു.<br>ഈ പദ്ധതി എ.പി.എൽ വിഭാഗത്തിൽപ്പെട്ട കൂടുതൽ വിഭാഗങ്ങളിലേക്ക് വ്യാപിപ്പിച്ചതിനെ തുടർന്ന് അനുബന്ധമായി ചേർത്തിരിക്കുന്ന വിഭാഗങ്ങൾക്ക് രണ്ടു രൂപ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | |
|---|---|
| 1. പട്ടിക ജാതി | 21. ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളി |
| 2. പട്ടികവർഗ്ഗം | 22. ഓട്ടോ റിക്ഷാ തൊഴിലാളി |
| 3. മത്സ്യത്തൊഴിലാളി | 23. ഇ. പി.എഫ്. പെൻഷൻകാർ |
| 4. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർ | 24. നിർമ്മാണ തൊഴിലാളി |
| 5. കയർത്തൊഴിലാളി | 25. കള്ളുവ്യവസായ തൊഴിലാളി |
| 6. കശുവണ്ടിത്തൊഴിലാളി | 26. വികലാംഗർ |
| 7. കർഷകത്തൊഴിലാളി | 27. പെട്രോൾ ബങ്കിൽ പണിയെടുക്കുന്നവർ |
| 8. ഖാദിത്തൊഴിലാളി | 28. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത കൃഷിനിലം ഇല്ലാത്ത നിർമ്മാണ തൊഴിലാളി, ചുമട്ടു തൊഴിലാളി |
| 9. കൈത്തറിത്തൊഴിലാളി | 29. മോട്ടോർ തൊഴിലാളി |
| 10. പനമ്പ് തൊഴിലാളി | 30. കരകൗശലരംഗത്തെ തൊഴിലാളി |
| 11. ഈറ്റത്തൊഴിലാളി | 31. കശുവണ്ടി തോട്ടം തൊഴിലാളി |
| 12. തോട്ടം തൊഴിലാളി | 32. തയ്യൽ തൊഴിലാളി |
| 13. ബീഡിത്തൊഴിലാളി | 33. സർക്കാരിതര ഖാദി ജീവനക്കാർ |
| 14. തഴപ്പായനിർമ്മാണത്തൊഴിലാളി | 34. ക്ഷീരകർഷകർ |
| 15. മൺ പാത്ര നിർമാണത്തൊഴിലാളി | 35. പെയിന്റിംഗ് തൊഴിലാളി |
| 16. തൊഴിലുറപ്പു പദ്ധതിയിൽ 50 ദിവസമെങ്കിലും പണിയെടുത്തവർ | 36. വൃദ്ധ സദനങ്ങൾ |
| 17. പരമ്പരാഗത ആഭരണ നിർമാണ തൊഴിലാളി | 37. പേപ്പർ വ്യവസായം (കൈത്തൊഴിൽ) |
| 18. ഓട്ടു കമ്പനി തൊഴിലാളി | 38. മദ്രസ അദ്ധ്യാപകർ |
| 19. ഓട്ടോമൊബൈൽ റിപ്പയറിംഗ് തൊഴിലാളി | 39. ഗാർഹിക തൊഴിലാളി |
| 20. സ്കൂൾ ശുചീകരണ / പാചക തൊഴിലാളി | 40. അഭയയിലെ അന്തേവാസികൾ |

(signature)

സെക്ഷൻ ഓഫീസർ